പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1428 **16-10-2026-ൽ മറുപടിയ്ക്ക്**

നെല്ല് -തേങ്ങ ഉത്പാദനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ നെല്ല്, തേങ്ങ എന്നിവയുടെ ഉത്പ്പാദനം എത്ര വീതമായിരുന്നുവെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

മറുപടി: സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകളുടെ നോഡൽ ഏജൻസിയായ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന 'അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടുകളിൽ നെല്ല്, തേങ്ങ എന്നിവയുടെ ഉത്പ്പാദനം, കൃഷിഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്. 2025-26 വർഷത്തെ വിവരങ്ങൾ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ നെല്ല്, തേങ്ങ എന്നിവയുടെ ഉത്പാദനം സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	നെല്ല് (ടൺ)	തേങ്ങ (മില്യൺ നട്സ്)
2015-16	5,49,275	5,873
2016-17	4,36,483	5,384
2017-18	5,21,310	5,230
2018-19	5,78,256	5,299
2019-20	5,87,078	4,814
2020-21	6,33,739	4,788
2021-22	5,62,097	5,535
2022-23	5,95,860	5,641
2023-24	5,33,327	5,523
2024-25	5,30,445	5,419

(ബി) പ്രസ്തുത കാലയളവിൽ ഇവ കൃഷി ചെയ്തിരുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം എത്ര വീതമായിരുന്നുവെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

മറുപടി: 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ നെല്ല്, തെങ്ങ് എന്നിവ കൃഷി ചെയ്തിരുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	നെല്ല് (ഹെക്ടർ)	തെങ്ങ് (ഹെക്ടർ)
2015-16	1,96,870	7,90,223
2016-17	1,71,398	7,81,496
2017-18	1,94,235	7,60,443
2018-19	2,02,907	7,60,946
2019-20	1,98,180	7,60,776
2020-21	2,05,040	7,68,809
2021-22	1,95,734	7,65,435
2022-23	1,91,712	7,60,354
2023-24	1,80,278	7,65,842
2024-25	1,76,523	7,54,162

(സി) ഈ കാലയളവിൽ പ്രസ്തുത കൃഷികൾക്കായി ചെലവഴിച്ചിട്ടുള്ള തുക എത്രയാണെന്ന് വർഷം, ഇനം എന്നിവ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

മറുപടി: സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് മുഖേന നടത്തുന്ന കൃഷി ചെലവ് സർവേയിലൂടെ കേരളത്തിലെ പ്രധാന വിളകളുടെ ഓരോ ഹെക്ടറിലും കൃഷി ചെയ്യുന്നതിനുള്ള ചെലവിനെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമാണ്. 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ നെല്ല്, തെങ്ങ് എന്നീ വിളകളുടെ കൃഷിക്കായി ഓരോ ഹെക്ടറിലും ചെലവഴിച്ചിട്ടുള്ള ആകെ തുക സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

വർഷം	നെല്ല് (ഹെക്ടറിൽ ചെലവഴിച്ച ഇക)			തെങ്ങ് (ഹെക്ടറിൽ ചെലവഴിച്ച ഇക)
	വിരിപ്പ്	മുണ്ടകൻ	പുഞ്ച	
2015-16	51823	47831	58555	61429
2016-17	52818	52035	54109	67062
2017-18	57369	61663	57200	68434
2018-19	58545	70626	69235	74536
2019-20	67722	74401	68703	77584
2020-21	69344	81572	78285	92727
2021-22	75430	82025	80802	95755
2022-23	86182	78792	77261	102256
2023-24	82488	78596	74874	97530
2024-25	83464	88896	86313	124790

സെക്ഷൻ ഓഫീസർ